ഈ വർഷം സംഭരിച്ച നെല്ല്

79 [2068] ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
ഡോ. കെ. സി. ജോസഫ്:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഈ വർഷം എത്ര ടൺ നെല്ല് സംഭരിച്ചു എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ജില്ലകളിൽ നിന്നാണ് സംഭരണം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) നെല്ല് സംഭരണത്തിനായി എത്ര തുക സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) സൊസൈറ്റികളിൽ നിന്നും രജിസ്റ്റർ ചെയ്ത പാടശേഖര കമ്മിറ്റികളിൽ നിന്നും എത്ര തുകയ്ക്കുള്ള നെല്ല് സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് പുറമേ മറ്റേതെല്ലാം ഏജൻസികളിൽ നിന്നാണ് നെല്ല് സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നെല്ല് സംഭരിക്കുന്ന ഇനത്തിൽ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ അതിലൊരു വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും നൽകുമെന്ന് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സീസണിൽ പാലക്കാട്, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ കർഷകരിൽ നിന്നും വിവിധ ഏജൻസികളും സംഭരിച്ച 459673 കിൻറൽ നെല്ല് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തു വരുന്നു,

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള നെല്ല് സംഭരണത്തിനായി സംസ്ഥാന സർക്കാർ നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) വിവിധ വാർത്ത മാദ്ധ്യമങ്ങളിൽ കൂടി നടത്തിയ അറിയിപ്പിൻ പ്രകാരം 3-5-2005-ന് മുൻപായി നെല്ലിൻെറ സ്റ്റോക്ക് വിവരം കോർപ്പറേഷനെ അറിയിച്ച 44 സംഭരണ ഏജൻസികളിൽ നിന്നാണ് നെല്ല് ഏറ്റെടുത്ത് തുടങ്ങിയിട്ടുള്ളത്. ഇവയിൽ 34 എണ്ണം സഹകരണ ബാങ്കുകളും 7 എണ്ണം സഹകരണസംഘങ്ങളും ഒരു പാടശേഖരസമിതിയും 2 എണ്ണം ഇൻഫാമിൻെറ രണ്ടു ശാഖകളുമാണ്.

(ഡി) ഇല്ല.

ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സംവിധാനം

80 [2069] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും, ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് വൻ തോതിൽ വില വർദ്ധിപ്പിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹോട്ടലുകളിലെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ന്യായവിലയ്ക്ക് ഭക്ഷണം വിതരണം നടത്തിയിരുന്ന സംവിധാനങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ന്യായവില ഭക്ഷണ വിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം പിന്നോട്ടു പോയിട്ടുണ്ടോ:

(ഇ) ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ ഗുണവും വിലയും നിയന്ത്രിക്കാൻ സർക്കാർ എന്ത് സംവിധാനമാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) എല്ലാ ഹോട്ടലുകളിലും വില നിയന്ത്രിക്കുന്നതിന് വില വിവരപ്പട്ടിക പ്രാദേശികഭാഷയിലും ഇംഗ്ലീഷിലും തൂക്കുന്നതിന് പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ വകുപ്പ് ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ താലൂക്ക് തലത്തിലും ജില്ലാതലത്തിലും വകുപ്പുദ്യോഗസ്ഥർ ഹോട്ടലുകളിൽ പരിശോധന നടത്തുകയും ഉചിതമായ നടപടികളും സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) മുൻപ് പ്രവർത്തിച്ചിരുന്ന ഇത്തരം അന്നപൂർണ്ണ ഹോട്ടലുകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ഡി) ബാധകമല്ല.

(ഇ) ഹോട്ടൽ ഭക്ഷണത്തിന്റെ ഗുണത്തിലും വിലയിലും വൻ അന്തരമുണ്ടാകുകയാണെങ്കിൽ ഇത്തരം ഹോട്ടലുടമകളെ വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ കളക്ടർമാർക്ക് അധികാരമുണ്ട്.

ടൂറിസം രംഗത്തെ മുതൽമുടക്കും തൊഴിൽ സാദ്ധ്യതകളും

81 [2070] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തുണ്ടായ മുതൽമുടക്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മുതൽമുടക്ക് എത്ര; സഹകാര്യമേഖലയുടെ മുതൽമുടക്ക് എത്ര;

(സി) പുതുതായി മുതൽമുടക്കുവാൻ സന്നദ്ധരായിട്ടുള്ള പ്രസ്ഥാനങ്ങളും വ്യക്തികളും ആരെല്ലാം; ഇക്കാര്യത്തിൽ ആരെങ്കിലുമായി സർക്കാർ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(ഡി) ഇതിലൂടെ ഉണ്ടാകുന്ന മുതൽമുടക്കും തൊഴിൽ സാദ്ധ്യതകളും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly